©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram,<br>Tuesday<br>തിരുവനന്തപുരം,<br>ചൊവ്വ | 23rd August 2011<br>2011 ആഗസ്റ്റ് 23<br>1st Bhadra 1933<br>1933 ഭാദ്രം 1 | No.<br>നമ്പർ | 1625 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (P) No. 125/2011/LBR. *Dated, Thiruvananthapuram, 19th August, 2011.*

**S. R. O. No. 531/2011**.—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G. O. (Rt.) No. 726/2005/LBR dated 23rd March, 2005 and published as S. R. O. No. 583/2005 in the Kerala Gazette No. 23 Part I, Section iv dated 7th June, 2005 the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 25280/E1/2010/LBR dated 20th December, 2010 in the Kerala Gazette Extraordinary No. 2922 dated 23rd December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby re-fix the minimum rates of wages payable to the employees employed in "Match Industry Sector" in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

33/3188/2011/DTP.

SCHEDULE

| Sl. No. | Work/Category | Basic Wages (₹) | Work Load |
|---|---|---|---|
| (1) | (2) | (3) | (4) |
| **I.** | **Splint and Veneers Section** | | |
| 1. | Daily Wages | | |
| | 1. Cross cutting<br>2. Debarking (Peeling) | 140 | 1½ Cubic metre (Mattippala Aaspin timbers) 1¼ Cubic metre (other timbers) |
| | 3. Peeling Driver<br>4. Chopping machine operator | 135 | |
| | 5. Levelling<br>6. Pattamattal<br>7. Peeling Helper | 129 | |
| | 8. Veneer Cutting<br>9. Boiler Operator<br>10. Drying Chamber Operator | 136 | |
| | 11. General Worker | 130 | |
| 2. | Piece Rate | | |
| | 1. Splints Tray Setting (For one Tray) | 5.85 | 22 trays and tray size is 1.524 × 137.7 Millimetre |
| | 2. Veneer outer Tray Setting (For one Tray) | 7.60 | 17 trays and tray size is 1.524 × 139.7 Millimetre |
| | 3. Veneer inner Tray Setting (For one Tray) | 9.90 | 13 trays and tray size is 5 feet and 5½ inches |

| (1) | (2) | | (3) | (4) |
|---|---|---|---|---|
| | 4. Veneer Bottom Piece Tray Setting (For one Tray) | | 7.15 | 18 trays and tray size is 5 feet and 5½ inches |
| | 5. Veneer Outer bundling (For 100 bundles) | | 32.15 | 400 bundles containing 144 veneer |
| | 6. Veneer inner bundling (For 100 bundles) | | 28.60 | 450 bundles containing 144 veneer |
| | 7. Veneer Bottom Piece bundling (For 100 bundles) | | 23.40 | 550 bundles containing 144 veneer |
| **II.** | **Dipping Category** | | | |
| | Piece rate | | | |
| | (1) Out door works | | | |
| | 1. Frame filling | per one frame | 4.55 | 30 frame |
| | 2. Outer Box making | per one gross | 4.55 | 30 gross |
| | 3. Inner Box making | per one gross | 5.90 | 23 gross |
| | (2) Indoor works | | | |
| | 1. Box filling | per one gross | 10.75 | 12 gross |
| | 2. Labelling and Rolling | per one gross | 3.65 | 36 gross |
| | 3. Dozen packing | per one gross | 3.80 | 73 gross |
| **III.** | **Monthly Wages** | | | |
| | 1. Manager<br>2. Foreman<br>3. Chemist<br>4. Blacksmith | | 4719.00 | |
| | 5. Clerck<br>6. Accountant<br>7. Typist | | 4370.00 | |
| | 8. Peon<br>9. Watchman | | 4239.00 | |

**IV. Dearness Allowance**

In addition to the basic wages, the daily wages and piece-rate workers shall be eligible for Dearness Allowance at the rate of 90 Paise (ninety Paise) and the monthly rated workers ₹ 23.40 (Rupees twenty three and forty paise) for every increase of one point above 130 points (New Series 1998-99=100) of the Consumer Price Index Number published by the Department of Economics and Statistics for the concerned District Headquarters.

For Wayanad and Idukki District Headquarters, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

**V. General Conditions**

1. The daily wages, in respect of the category of employees for whom monthly wages is fixed in this Schedule may be calculated by dividing the total monthly wages eligible for them by 26 and the monthly wages of those whom daily wages is fixed may be calculated by multiplying the daily wages by 26.

2. Wherever any workman is presently in receipt of higher wages than the minimum rates of wages fixed in this Notification, such workman shall continue to get such higher rate of wages.

By order of the Governor,

ANIL, X.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had earlier fixed the minimum rates of wages payable to the employees employed in the "Match Industry" in the State of Kerala vide G. O. (Rt.) 726/2005/LBR dated 23rd March, 2005 and published as S.R.O. No. 583/2005 in the Kerala Gazette No. 23 Part I Section iv dated 7th June, 2005. Government have now decided to revise the existing minimum rates of wages in the said sector after inviting objections and suggestions and in consultation with the Minimum Wages Advisory Board constituted for the purpose.

This notification is intended to achieve the above object.

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 125/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 19.*

**എസ്. ആർ. ഒ. നമ്പർ 531/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2005 ജൂൺ 7-ാം തീയതിയിലെ സെക്ഷൻ iv, പാർട്ട് I, 23-ാം നമ്പർ കേരള ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 583/2005 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2005 മാർച്ച് 23-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) 726/2005/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഡിസംബർ 23-ാം തീയതിയിലെ 2922-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2010 ഡിസംബർ 20-ാം തീയതിയിലെ 25280/ഇ1/2010/തൊഴിൽ എന്ന പ്രാഥമിക വിജ്ഞാപനത്തിനുമേൽ ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "തീപ്പെട്ടി വ്യവസായ" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

| *ക്രമ നമ്പർ* | *ജോലി/വിഭാഗം* | *അടിസ്ഥാന വേതനം (₹)* | *വർക്ക് ലോഡ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| **I.** | **സ്പ്ലിന്റ് ആന്റ് വെനീയേഴ്സ് സെക്ഷൻ** | | |
| 1. | ദിവസവേതനം | | |
| | 1. ക്രോസ് കട്ടിംഗ് | 140 | മട്ടിപ്പാല/ആസ്പിൻ എന്നീ തടികൾ 1½ ക്യൂബിക് മീറ്റർ. ഇതര തടികൾ 1¼ ക്യൂബിക് മീറ്റർ |
| | 2. ഡീ-ബാർക്കിംഗ് (തൊലി ഉരിക്കൽ) | | |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | പീലിംഗ് ഡ്രൈവർ | 135 | |
| 4. | ചോപ്പിംഗ് മെഷീൻ ഓപ്പറേറ്റർ | | |
| 5. | ലവലിംഗ് | | |
| 6. | പട്ടമാറ്റൽ | 129 | |
| 7. | പീലിംഗ് ഹെൽപ്പർ | | |
| 8. | വിനീർ കട്ടിംഗ് | | |
| 9. | ബ്രായ്‌ലർ ഓപ്പറേറ്റർ | 136 | |
| 10. | ഡ്രൈയിംഗ് ചേമ്പർ ഓപ്പറേറ്റർ | | |
| 11. | ജനറൽ വർക്കർ | 130 | |
| 2. | പീസ് റേറ്റ് | | |
| 1. | സ്‌പ്ലിന്റ്സ് ട്രേ സെറ്റിംഗ് (ഒരു ട്രേയ്ക്ക്) | 5.85 | 1.524 × 137.7 മില്ലി മീറ്റർ വലിപ്പമുള്ള 22 ട്രേ |
| 2. | വിനീർ ഔട്ടർ ട്രേ സെറ്റിംഗ് (ഒരു ട്രേയ്ക്ക്) | 7.60 | 1.524 × 139.7 മില്ലി മീറ്റർ വലിപ്പമുള്ള 17 ട്രേ |
| 3. | വിനീർ ഇന്നർ ട്രേ സെറ്റിംഗ് (ഒരു ട്രേയ്ക്ക്) | 9.90 | 5 അടി അഞ്ചര ഇഞ്ച് വലിപ്പമുള്ള 13 ട്രേ |
| 4. | വിനീർ ബോട്ടം പീസ് ട്രേ സെറ്റിംഗ് (ഒരു ട്രേയ്ക്ക്) | 7.15 | 5 അടി അഞ്ചര ഇഞ്ച് വലിപ്പമുള്ള 18 ട്രേ |
| 5. | വിനീർ ഔട്ടർ ബണ്ട്‌ലിംഗ് (100 ബണ്ട്‌ലിംഗ്) | 32.15 | 144 വിനീർ വീതമുള്ള 400 ബണ്ടിൽ |
| 6. | വിനീർ ഇന്നർ ബണ്ട്‌ലിംഗ് (100 ബണ്ട്‌ലിംഗ്) | 28.60 | 144 വിനീർ വീതമുള്ള 450 ബണ്ടിൽ |
| 7. | വിനീർ ബോട്ടം പീസ് ബണ്ട്‌ലിംഗ് (100 ബണ്ട്‌ലിംഗ്) | 23.40 | 144 വിനീർ വീതമുള്ള 550 ബണ്ടിൽ |

## II. ഡിപ്പിംഗ് വിഭാഗം

പീസ് റേറ്റ്

(1) ഔട്ട്ഡോർ വർക്ക്സ്

| | | | |
|---|---|---|---|
| 1. | ഫ്രെയിം ഫില്ലിംഗ് ഒരു ഫ്രെയിമിന് | 4.55 | 30 ഫ്രെയിം |
| 2. | ഔട്ടർ ബോക്സ് മേക്കിംഗ് ഗ്രോസിന് | 4.55 | 30 ഗ്രോസ് |

| (1) | (2) | | (3) | (4) |
|---|---|---|---|---|
| | 3. ഇന്നർ ബോക്സ് മേക്കിംഗ് | ഗ്രോസിന് | 5.90 | 23 ഗ്രോസ് |
| (2) | ഇൻഡോർ വർക്സ് | | | |
| | 1. ബോക്സ് ഫില്ലിംഗ് | ഗ്രോസിന് | 10.75 | 12 ഗ്രോസ് |
| | 2. ലേബലിംഗ് ആന്റ് റോളിംഗ് | ഗ്രോസിന് | 3.65 | 36 ഗ്രോസ് |
| | 3. ഡസൻ പാക്കിംഗ് ഗ്രോസ് | ഗ്രോസിന് | 3.80 | 73 ഗ്രോസ് |

**III. മാസശമ്പളം**

| | |
|---|---|
| 1. മാനേജർ<br>2. ഫോർമാൻ<br>3. കെമിസ്റ്റ്<br>4. ബ്ലാക്ക്സ്മിത്ത് | 4719.00 |
| 5. ക്ലാർക്ക്<br>6. അക്കൗണ്ടന്റ്<br>7. ടൈപ്പിസ്റ്റ് | 4370.00 |
| 8. പ്യൂൺ<br>9. വാച്ച്മാൻ | 4239.00 |

**IV. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാനവേതനത്തിനുപുറമേ എല്ലാ വിഭാഗം തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ കേന്ദ്രത്തിനുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്കും പീസ് റേറ്റുകാർക്കും പ്രതിദിനം 90 പൈസ നിരക്കിലും മാസശമ്പളക്കാർക്ക് പ്രതിമാസം 20 രൂപ 40 പൈസ നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

വയനാട്, ഇടുക്കി ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നതുവരെ യഥാക്രമം മേപ്പാടി കേന്ദ്രത്തിന്റെയും മൂന്നാർ കേന്ദ്രത്തിന്റെയും സൂചിക പ്രസ്തുത ജില്ലകളിൽ അടിസ്ഥാനമാക്കേണ്ടതാണ്.

**V. പൊതുവ്യവസ്ഥകൾ**

1. ഈ പട്ടികയിൽ മാസശമ്പളം നിശ്ചയിച്ചിട്ടുള്ള വിഭാഗം ജീവനക്കാരുടെ ദിവസവേതനം മൊത്തം മാസശമ്പളത്തെ 26 കൊണ്ട് ഭാഗിച്ചും, ദിവസവേതനം നിശ്ചയിച്ച വിഭാഗം തൊഴിലാളികളുടെ മാസശമ്പളം മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

2. ഏതെങ്കിലും സ്ഥാപനത്തിൽ ഏതെങ്കിലും തൊഴിലാളിക്ക് ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന നിരക്കിലുള്ള വേതനം നിലവിൽ നൽകിവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനം തന്നെ തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2005 ജൂൺ 7-ാം തീയതിയിലെ സെക്ഷൻ iv, പാർട്ട് I, 23-ാം നമ്പർ കേരള ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 583/2005 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2005 മാർച്ച് 23-ാം തീയതിയിലെ സ. ഉ. (സാധാ) 726/2005/തൊഴിൽ എന്ന വിജ്ഞാപന പ്രകാരം കേരള സംസ്ഥാനത്തെ "തീപ്പെട്ടി വ്യവസായം" മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിരുന്നു. ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശകസമിതിയുമായി കൂടിയാലോചിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞശേഷം പ്രസ്തുത മേഖലയിൽ നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.